പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1040

14.01.2021 -ലെ മറുപടിയ്ക്ക്

**തൊഴിൽ വകുപ്പിന്റെ അടിസ്ഥാന സംവിധാനത്തിൽ മാറ്റം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ . പാറക്കൽ അബ്ദുല്ല : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഇരുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന മറുനാടൻ തൊഴിലാളികളുടെ ക്ഷേമകാര്യം, തൊഴിൽ, ഇൻഷുറൻസ്, വിവരശേഖരണം എന്നിവയ്ക്കായി വകുപ്പിനു കീഴിൽ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് സെല്ലിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;<br>ബി) തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ജില്ലാതല ലീഗൽ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും ഇപ്പോൾ പരിഗണനയിലില്ല. |
| സി) തൊഴിൽ വകുപ്പിന്റെ അടിസ്ഥാന സംവിധാനത്തിലും സമീപനത്തിലും മാറ്റം വരുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് ലേബർ കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ